"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിജിലൻസ് വകുപ്പ് - QV 1/16/PKD- EC 04/2022 നം. വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം - പാലക്കാട് ആലത്തൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജീവനക്കാർക്ക് എതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.215/2025/VIG തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 27/11/2019 ലെ E12 (Q.V 1)16/PKD)15570/16 നം കത്ത്.
2. 17/03/2020-ലെ A3/400/2019-VIG നം.കത്ത്
3. 24/11/2020 , 25/11/2020 -ലെ തീയതികളിലെ A3/400/2019-VIG നം കുറ്റാരോപണ മെമ്മോ.
4. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 06/02/2021 തീയതിയിലെ G1/209/202-TC നം കത്ത്.
5. 17/03/2022-ലെ സ.ഉ.(കൈ) 5/2022/VIG നമ്പർ സർക്കാർ ഉത്തരവ്
6. തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിന്റെ 16/09/2025-ലെ EC 04/2022/VT നമ്പർ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ആലത്തൂർ സബ് ആർടി ഓഫീസിലെ ജീവനക്കാർ ഏജന്റുമാർ മുഖേന കൈക്കൂലി വാങ്ങുന്നു എന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റ് ആലത്തൂർ സബ് ആർ.ടി. ഓഫീസിൽ 15.07.2016-ൽ SC-30/16/PKD നമ്പരായി ഒരു മിന്നൽ പരിശോധന നടത്തുകയും ഇതിനെത്തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റിൽ QV 1/16/PKD നം. ആയി ഒരു ത്വരിതാന്വേഷണം കൂടി നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

2. ആലത്തൂർ സബ് ആർടി ഓഫീസിലെ ജീവനക്കാരായ ശ്രീമതി.പ്രസീദ.എം, ശ്രീമതി.കെ.കമലാക്ഷി, ശ്രീമതി.വി.വനജ, ശ്രീമതി.കെ.എം.സെൽമത്ത്, ശ്രീമതി.സുബ്ബലക്ഷ്മി എന്നിവർ ഏജന്റുമാരിൽ നിന്നും കൈക്കൂലി വാങ്ങുകയും അതുവഴി നേരിട്ട് സേവനങ്ങൾക്കായി ടി ഓഫീസിലെത്തുന്ന സാധാരണക്കാർക്ക് സേവനം നിഷേധിക്കുന്നു എന്നും ജോയിന്റ് ആർ.ടി.ഒ. ശ്രീ.കെ.സി.മാണി ഏജന്റായ ശ്രീ.മണിയുമായി അവിശുദ്ധ ബന്ധം പുലർത്തുകയും, ശ്രീ. മണിയിൽ

നിന്ന് കൈക്കൂലി സ്വീകരിക്കുകയും ചെയ്യുന്നു എന്നുള്ളതായിരുന്നു ആരോപണച്ചുരുക്കം. സത്വരാന്വേഷണത്തിൽ, ആലത്തൂർ സബ് ആർടി.ഒ ഓഫീസിലെ താഴെപ്പറയുന്ന ജീവനക്കാർ ഒത്ത് ചേർന്ന് ഏജന്റുമാരെ നിയന്ത്രിക്കാനോ ഓഫീസ് കാര്യങ്ങളിൽ ഇടപെടുന്നതിൽ നിന്നും വിലക്കാനോ മുതിരാതെ, സ്വതന്ത്രവിഹാരം നടത്താൻ ഏജന്റുമാർക്ക് അവസരം ഉണ്ടാക്കുകയും ഗതാഗത കമ്മീഷണറുടെയും സർക്കാരിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അപേക്ഷകൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കാതെ ഏജന്റുമാരിൽ നിന്നും കൈക്കൂലി വാങ്ങി സ്വീകരിച്ചും, അതുവഴി നേരിട്ട് സേവനങ്ങൾക്കായി ടി ഓഫീസിലെത്തുന്ന സാധാരണക്കാർക്ക് സേവനം നിഷേധിക്കുകയും ഓഫീസിലെ ഔദ്യോഗിക രേഖകളും മറ്റും അലക്ഷ്യമായി കൈകാര്യം ചെയ്തതായും കണ്ടെത്തുകയുണ്ടായി.

1. ശ്രീ.കെ.സി.മാണി, മുൻ ജോയിന്റ് ആർ.ടി.ഒ(SO1)
2. ശ്രീ.എ.ഒ.വിനോദ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ(SO2)
3. ശ്രീമതി. പി.വി.സുബ്ബലക്ഷ്മി, സീനിയർ ക്ലർക്ക്(SO3)
4. ശ്രീമതി.കെ.എം.സെൽമത്ത്, സീനിയർ ക്ലർക്ക് (SO4)
5. ശ്രീ.സി.എം.ജോർജ്ജ്, ഹെഡ് ക്ലർക്ക്(SO5)
6. ശ്രീമതി.കെ.കമലാക്ഷി, സീനിയർ ക്ലർക്ക്(SO6)
7. ശ്രീമതി.എം.പ്രസീത, സീനിയർ ക്ലർക്ക്(SO7)
8.. ശ്രീമതി.വി.വനജ, സീനിയർ ക്ലർക്ക്(SO8)

3. ആരോപണ വിധേയരായ ശ്രീ.കെ.സി.മാണി (SO-1), ശ്രീ.സി.എം.ജോർജ്ജ് (SO-5) എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. പാർട്ട് III യിലെ റൂൾ 59 പ്രകാരം ടി ആരോപണ വിധേയർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും, മറ്റുള്ള 6 പേർക്കെതിരെ (SO2, SO3, SO4, SO6, SO7, & SO8) വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറിക്കും വിജിലൻസ് ഡയറക്ടർ പരാമർശം (1) റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.കെ.സി.മാണി (SO-1), ശ്രീ.സി.എം.ജോർജ്ജ് (SO-5) എന്നിവർക്കെതിരെ കെ.എസ്.ആർ. പാർട്ട് III യിലെ റൂൾ 59 പ്രകാരം വകുപ്പുതല നടപടി സ്വീകരിക്കുന്നതിലേക്കായി പരാമർശം (2) പ്രകാരം ഗതാഗത വകുപ്പിന് നിർദേശം നൽകിയിരുന്നു.

4. ആരോപണ വിധേയരിൽ മറ്റു ആറുപേർക്കെതിരെ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം

നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന്റെ ഭാഗമായി പരാമർ ശം ( 3 ) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. ട്രാൻസ്പോർട്ട് കമ്മീഷണർ പരാമർ ശം ( 4 ) പ്രകാരം ലഭ്യമാക്കിയ ആരോപണ വിധേയരുടെ പ്രതിവാദ പത്രികയിൽ, പ്രസ്തുത ആളുകൾക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ വസ്തുതാ വിരുദ്ധമാണെന്നും ആയതിനാൽ തങ്ങളെ തുടർ നടപടികളിൽ നിന്നും പൂർണമായും ഒഴിവാക്കണമെന്നും ആരോപണ വിധേയർ അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത വ്യക്തികളെ 26/07/2021 ന് നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിലും ഇതേ ആവശ്യം ആവർത്തിക്കുകയുണ്ടായി. കുറ്റാരോപിതർ ഉന്നയിക്കുന്ന വസ്തുതകൾ വിശദമായി പരിശോധിച്ച് ഇവർക്ക് ഉചിതമായ അച്ചടക്ക നടപടികൾ ശുപാർശ ചെയ്യുന്നതിനും കുറ്റാരോപിതർ ഉന്നയിക്കപ്പെട്ടിട്ടുള്ള വാദമുഖങ്ങൾ വസ്തുതാപരമായി പരിശോധിക്കുന്നതിനും വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറി നടത്തണമെന്ന നിഗമനത്തിൽ എത്തുകയും പ്രസ്തുത 6 ആരോപണ വിധേയർക്കെതിരേയും വിജിലൻസ് ട്രിബ്യൂണൽ അന്വേഷണത്തിന് അനുമതി നൽകി പരാമർശം (5) പ്രകാരം ഉത്തരവാകുകയുമുണ്ടായി.

5. വിജിലൻസ് ട്രിബ്യൂണലിന്റെ തിരുവനന്തപുരം യൂണിറ്റ് പാലക്കാട് ആലത്തൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ. എ.ഒ. വിനോദ്, സീനിയർ ക്ലാർക്കുമാരായ ശ്രീമതി. പി.വി. സുബ്ബലക്ഷ്മി, ശ്രീമതി. കെ.എം. സെൽമത്ത്, ശ്രീമതി.കെ.കമലാക്ഷി, ശ്രീമതി. പ്രസീത എം, ശ്രീമതി. വി. വനജ എന്നിവർക്കെതിരെ EC 04/2022 നം ആയി അന്വേഷണം നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

6. മേൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരായ ആരോപണങ്ങൾ വിശ്വസനീയമായ തെളിവുകൾ ഉപയോഗിച്ച് തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും അവർക്കെതിരെ ചുമത്തിയ കുറ്റങ്ങളിൽ അവർ കുറ്റക്കാരാണെന്നും വിജിലൻസ് ട്രൈബ്യൂണൽ കണ്ടെത്തുകയും കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ നടപടി ഗുരുതരമായ ദുഷ്പെരുമാറ്റം, ഗുരുതരമായ ക്രമക്കേട്, കർത്തവ്യലംഘനം എന്നിവയ്ക്ക് തുല്യമാണെന്നതിനാലും അതുവഴി അവർ പൂർണ്ണമായ സത്യസന്ധതയും കർത്തവ്യബോധവും പാലിക്കുന്നതിൽ പരാജയപ്പെട്ടതായും ബോധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.എ.ഒ. വിനോദ്, സീനിയർ ക്ലാർക്കുമാരായ ശ്രീമതി. പി. വി. ശുഭലക്ഷ്മി, ശ്രീമതി. കെ.എം. സെൽമത്ത്, ശ്രീമതി. പ്രസീത എം, ശ്രീമതി. വി. വനജ എന്നിവരുടെ ഒരു ഇൻക്രിമെന്റ് 1960-ലെ കേരള സിവിൽ സർവ്വീസ് (സിസി&എ) -ലെ ചട്ടം 11(1) 3 പ്രകാരം താത്കാലികമായി തടയുന്നതും കുറ്റാരോപിതരിൽ

ഒരാളായ ശ്രീമതി. കെ. കമലാക്ഷി 31/01/2025-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനാൽ, കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 3 പ്രകാരം ടിയാളുടെ പെൻഷനിൽ നിന്നും 2 വർഷത്തേക്ക് മാസം തോറും 1000/- രൂപ ഈടാക്കുന്നതും അഭികാമ്യമാണെന്ന് വിജിലൻസ് ട്രൈബ്യൂണൽ അഭിപ്രായപ്പെട്ടു.

7. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും, പാലക്കാട് ആലത്തൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.എ.ഒ. വിനോദ്, സീനിയർ ക്ലാർക്കുമാരായ ശ്രീമതി.പി.വി. സുബ്ബലക്ഷ്മി, ശ്രീമതി. കെ.എം.സെൽമത്ത്, ശ്രീമതി.പ്രസീത.എം, ശ്രീമതി.വി.വനജ എന്നിവർക്ക് 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസ്സിഫിക്കേഷൻ കൺട്രോൾ & അപ്പീൽ) -ലെ ചട്ടം 11 (1) 3 പ്രകാരം ഒരു വർഷത്തേക്ക് ഒരു ഇൻക്രിമെന്റ് താൽക്കാലികമായി തടഞ്ഞുകൊണ്ടും കുറ്റാരോപിതരിൽ ഒരാളായ ശ്രീമതി.കെ.കമലാക്ഷി 31/01/2025-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനാൽ ടിയാൾക്ക് എതിരെ കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 3 പ്രകാരമുള്ള അച്ചടക്ക നടപടികൾ വിജിലൻസ് വകുപ്പിൽ നിന്നും സ്വീകരിക്കുവാൻ തീരുമാനിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം ടി കെ
ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം
ശ്രീ. എ.ഒ. വിനോദ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ (ഗതാഗത കമ്മീഷണർ മുഖാന്തിരം- റിപ്പോർട്ടിന്റെ പകർപ്പ് സഹിതം )
ശ്രീമതി. പി.വി. സുബ്ബലക്ഷ്മി, സീനിയർ ക്ലാർക്ക്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ (ഗതാഗത കമ്മീഷണർ മുഖാന്തിരം-റിപ്പോർട്ടിന്റെ പകർപ്പ് സഹിതം)
ശ്രീമതി. കെ.എം. സെൽമത്ത്, സീനിയർ ക്ലാർക്ക്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ (ഗതാഗത കമ്മീഷണർ മുഖാന്തിരം- റിപ്പോർട്ടിന്റെ പകർപ്പ് സഹിതം)
ശ്രീമതി. പ്രസീത എം., സീനിയർ ക്ലാർക്ക്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ (ഗതാഗത കമ്മീഷണർ മുഖാന്തിരം-റിപ്പോർട്ടിന്റെ പകർപ്പ് സഹിതം)
ശ്രീമതി. വി. വനജ, സീനിയർ ക്ലാർക്ക്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ (ഗതാഗത കമ്മീഷണർ മുഖാന്തിരം-റിപ്പോർട്ടിന്റെ പകർപ്പ് സഹിതം) ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ആഡിറ്റ്, തിരുവനന്തപുരം
ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 18-12-2025 17:01:58

സെക്ഷൻ ഓഫീസർ